വ്യാജ മദ്യത്തിന്റെയും കള്ളിന്റെയും വില്പന

41 (2469) ശ്രീ. കെ. ബാബു :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. വി. ഡി. സതീശൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ വർഷം സംസ്ഥാനത്ത് ബിവറേജസ് കോർപ്പറേഷൻ മുഖേന എത്ര മദ്യം വിറ്റു ; എന്തു തുകയ്ക്കുള്ള മദ്യമാണ് വിറ്റത് ;

(ബി) ഈ വർഷം എന്തു തുകയ്ക്കുള്ള എത്ര മദ്യം വിൽക്കാമെന്നാണ് ബിവറേജസ് കോർപ്പറേഷൻ പ്രതീക്ഷിക്കുന്നത് ;

(സി) കഴിഞ്ഞ വർഷം ഒട്ടാകെ വ്യാജ മദ്യവും കള്ളും ചേർത്ത് എത്ര മദ്യം സംസ്ഥാനത്ത് വില്ക്കപ്പെട്ടു ;

(ഡി) വ്യാജമദ്യവും കള്ളുമുൾപ്പെടെ കഴിഞ്ഞ വർഷം എന്തു തുകയ്ക്കുള്ള മദ്യം സംസ്ഥാനത്ത് വില്ക്കപ്പെട്ടു ?

ഉത്തരം

(എ) കഴിഞ്ഞ വർഷം 97.08 ലക്ഷം കെയ്സ് ഇൻഡ്യൻ നിർമ്മിത വിദേശമദ്യവും 33.86 ലക്ഷം കെയ്സ് ബീയറും വിറ്റു. ഈ വകയിൽ 1847.40 കോടി രൂപ ലഭിച്ചു.

(ബി) ഈ വർഷം 2074.87 കോടി രൂപ വിലവരുന്ന 111.38 ലക്ഷം കെയ്സ് ഇന്ത്യൻ നിർമ്മിത വിദേശമദ്യവും 34.68 ലക്ഷം കെയ്സ് ബിയറും വിൽക്കാമെന്ന് പ്രതീക്ഷിക്കുന്നു.

(സി&ഡി) വ്യാജമദ്യ വില്പന സംസ്ഥാനത്ത് നിയമപരമായി അനുവദിച്ചിട്ടില്ല. ആയതിനാൽ കണക്ക് ലഭ്യമല്ല. കള്ളു വില്പനയിൽ 2002-03 വർഷം ലഭിച്ച വരുമാനം 25.56 കോടി രൂപയാണ്.

ഹോളോഗ്രാം മുദ്ര പതിപ്പിക്കുവാനുള്ള തീരുമാനം

42 (2490) ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. എം. മുരളി :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബിവറേജ് കോർപ്പറേഷൻ വില്ക്കുന്ന മദ്യകുപ്പികളിൽ ഹോളോഗ്രാം മുദ്ര പതിപ്പിക്കുവാൻ തീരുമാനമെടുത്തത് എന്നാണ് ;

(ബി) ഈ മുദ്ര പതിച്ച് മദ്യം വില്ക്കുന്ന ഏർപ്പാട് അനുവദിച്ചുവോ ; എങ്കിൽ എന്നുമുതൽ ;

LIBRARY ARCHIVES Kerala Legislative Assembly